മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

MALANKARA ORTHODOX SYRIAN CHURCH

Vol. 07 No. 51 | THE ONLINE OFFICIAL NEWS BULLETIN | 2024 November 28

SEASON OF THE ANNUNCIATION | അറിയിപ്പുകാലം | ܥܕܢܐ ܕܣܘܒܪܐ

ܚܕܒܫܒܐ SUNDAY	ܬܪܝܢ ܒܫܒܐ MONDAY	ܬܠܬܐ ܒܫܒܐ TUESDAY	ܐܪܒܥܐ ܒܫܒܐ WEDNESDAY	ܚܡܫܐ ܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
1	2	3	4	5	6	7
Mezalto St. Mary's Visit to Elizabeth Beginning of Nativity Lent		52nd Mem. of Thoma Mar Dionysius Metropolitan ✠ (Pathanapuram Mt. Tabor Dayara)	Comme. of the Martyrs St. Barbara and St. Juliana		Comme. of St. Soke (St. Nicholas) Bishop of Myre (Christmas Father)	
5	1	5	1	5	1	5



കോട്ടയം ഭദ്രാസനം വയനാട് ദുരിതാശ്വാസ ഫണ്ടായി സമാഹരിച്ച 50 ലക്ഷം രൂപ പരിശുദ്ധ കാതോലിക്ക ബാവായെ എല്പിക്കുന്നു. ഇടവക മെത്രാപ്പോലീത്താ ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ്, കൗൺസിൽ അംഗങ്ങൾ എന്നിവർ പങ്കെടുത്തു.



സഭാജ്യോതിസ് ജോസഫ് മാർ ദിവന്നാസിയോസിന്റെയും ഡോ. പൗലോസ് മാർ ഗ്രിഗോറിയോസിന്റെയും ഓർമ പെരുന്നാൾ കോട്ടയം പഴയ സെമിനാരിയിൽ ആചരിച്ചു. പെരുന്നാൾ ശുശ്രൂഷകൾക്ക് പ. കാതോലിക്കാ ബാവാ മുഖ്യനേതൃത്വം നൽകി.



എം.ജി. സർവ്വകലാശാലയിലെ പൗലോസ് മാർ ഗ്രീഗോറിയോസ് ചെയർ പ്രസിദ്ധീകരിച്ച പൗലോസ് മാർ ഗ്രീഗോറിയോസിന്റെ ആത്മകഥയുടെ പരിഷ്ക്കരിച്ച പതിപ്പ് പരിശുദ്ധ കാതോലിക്ക ബാവാ പ്രകാശനം ചെയ്തു. ഡോ. സഖറിയാ മാർ അപ്രേം ആദ്യ പ്രതി ഏറ്റുവാങ്ങി.



ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനത്തിന്റെ വടക്കൻ മേഖല സമ്മേളനവും യുവജന റാലിയും പുത്തൻകുരിശ് സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ് ഓർത്തഡോക്സ് സുറിയാനി പള്ളിയിൽ നടന്നു. പ. കാതോലിക്കാ ബാവാ സമ്മേളനം ഉദ്ഘാടനം ചെയ്തു. ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനം പ്രസിഡന്റ് ഡോ. ഗിവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്ത അധ്യക്ഷത വഹിച്ചു.

സഭാ ഭരണഘടനയുടെ നവതി ആഘോഷം ഡിസംബർ 26-ന്

കോട്ടയം: നവതിയുടെ നിറവിൽ മലങ്കര സഭാ ഭരണഘടന.നവതി ആഘോഷങ്ങളുടെ ഉത്ഘാടനം ഡിസംബർ26 ന് എംഡി സെമിനാരി അങ്കണത്തിൽ നടത്തുമെന്ന് അസ്സോസിയേഷൻ സെക്രട്ടറി അഡ്വ.ബിജു ഉമ്മൻ അറിയിച്ചു.

1934 ഡിസംബർ 26 ന് പരിശുദ്ധ ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവായുടെ അധ്യക്ഷതയിൽ ചേർന്ന മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ ആണ് മലങ്കര സഭ ഭരണഘടന അംഗീകരിച്ചത്.

പീരുമേട് മാർ ബസേലിയോസ് എഞ്ചിനിയറിംഗ് കോളജ് അഡ്മിനിസ്ട്രേറ്ററായി നിയമിതനായ ഫാ. ഫിലൻ പി. മാത്യു.



മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

എഴുത്തുകളുടെ നമ്പർ ബുക്ക്

പ. ഗീവർഗീസ് മാർ ദീവന്നാസ്യോസ് വട്ടശ്ശേരിൽ



മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ മലങ്കര

എ. ഡി. 1926-നു കൊല്ലം 1101 മകരം 13-നു മുതലുള്ള ഡയറി.

1528. കരിങ്ങാട്ടിൽ മത്തായി കത്തനാർക്കു. പ്രിയനെ, താനും നമ്മുടെ ചക്കിട്ടടത്തു തോമസു കത്തനാർ മുതലായ ചിലരും കൂടി ആൾവശം നമ്മുടെ പേർക്കയച്ച അപേക്ഷ ... കൊണ്ടുവന്നു തന്നു. നിങ്ങളുടെ ഈ അപേക്ഷ അനുസരിച്ച് ഇപ്പോൾ നാം പ്രവൃത്തിക്കുന്നതായാൽ എന്തെല്ലാം കുഴപ്പങ്ങളാണുണ്ടാകുന്നതെന്നു നിങ്ങൾ നന്നായിട്ടാലോചിക്കേണ്ടതാണെന്നു നാം നിങ്ങളോടു ഗുണദോഷിക്കുന്നു. ഇപ്പോൾ ... നടപ്പാക്കുന്നപക്ഷം ഏവരും നമ്മെ പഴിക്കാതിരിക്കുകയില്ലെന്നുള്ളതു നിശ്ചയം ആകുന്നു.

അതിനാൽ ഇങ്ങനെയുള്ളതിലേക്കു തൽക്കാലം നമ്മെ നിങ്ങൾ നിർബ്ബന്ധിക്കരുതെന്നു നിങ്ങളുടെ സ്നേഹത്തോടു നാം ഗുണദോഷിക്കുന്നു. ഈ സംഗതിയിൽ വല്ല അഭിമാനക്കുറവും ഉണ്ടെങ്കിൽ അതു മാറി മാറി ഓരോ വിധം കല്പനയെഴുതുന്ന നമുക്കും, കൂടെകൂടെ അഭിപ്രായം ഭേദപ്പെടുന്ന നമ്മുടെ ... നമ്മുടെ യൗസേപ്പു ... പ്രധാനികൾക്കോ ... എന്നു 1101 കർക്കടകം 16-നു പരുമല സിമ്മനാരിയിൽ നിന്നും.

1529. ഇലഞ്ഞിക്കൽ ഫീലിപ്പോച്ചനു. കേസുകളെപ്പറ്റി. 1101 കർക്കടകം 18 -നു പരുമല സിമ്മനാരിയിൽ നിന്നും.

1530. മട്ടയ്ക്കൽ മല്പാനു. വർത്തമാനങ്ങൾ.

1531. വേണാട്ടുകളത്തിൽ യോഹന്നാൻ കത്തനാർക്കു. ... പ്രവർത്തിപ്പാൻ. 1101 കർക്കടകം 18-നു പരുമല സിമ്മനാരിയിൽ നിന്നും.

1532. പി. കെ. വർക്കി മാസ്റ്റർക്കു. മിസ്സിസ് വില്യമിന്റെ ... നെ സംബന്ധിച്ചു. ടി തീയതി.

1533. പയ്യമ്പള്ളിൽ മൂപ്പച്ചനു. പള്ളി വർത്തമാനങ്ങൾക്കു. 1101 കർക്കടകം 19-നു പരുമല സിമ്മനാരിയിൽ നിന്നും.

1534. മട്ടയ്ക്കൽ മല്പാനു. വർത്തമാനങ്ങളും കായൽ വർത്തമാനങ്ങളും.

1535. പാലപ്പള്ളിൽ പൗലൂസ് കത്തനാർക്കു. വർത്തമാനങ്ങൾ അറിയിച്ചു തരുവാൻ.

1536. പള്ളിവാതുക്കൽ യൗസേപ്പ് വക്കീലിനു. തുമ്പമൺ സ്കൂൾ കാര്യത്തിൽ ആക്ഷേപം വരത്തക്കനിലയിൽ പ്രവൃത്തിക്കരുത്. ടി തീയതി. ടി സ്ഥലം.

1537. എഞ്ചിനിയർ ജോർജ് ഫിലിപ്പിന്. ശമുവേലിന് പുതിയ ... ചെയ്തു കൊടുക്കണമെന്നു ശുപാർശ. 1101 കർക്കടം 20-നു.

1538. മുറന്തൂക്കിൽ മാത്തു കത്തനാർക്ക്. സമുദായകാര്യങ്ങൾ. 1101 കർക്കടകം 22-നു പരുമല.

1539. വാർക്കിപ്പിള്ളയ്ക്ക്. പഴയസെമിനാരി സംബന്ധിച്ച കാര്യങ്ങൾക്കു. ടി തീയതി.

1540. വൈലപറമ്പിൽ പൊനാടത്തു ചാണ്ടി വക്കീലിനു. അപ്പന്റെ മരണത്തെക്കുറിച്ചു അനുശോചനകത്തു. 1101 കർക്കടകം 22-നു പരുമല സിമ്മനാരിയിൽ നിന്നും.

1541. ഒ. എം. ചെറിയാച്ചനു. പള്ളിക്കരയ്ക്കു സമീപം തെങ്ങോട്ടുകാരായ രണ്ടു വാദ്ധ്യാന്മാർക്കു വേണ്ടിയുള്ള ശുപാർശക്കത്തു. ടി തീയതി. ടി സ്ഥലം.

1542. കൊച്ചുമെത്രാച്ചനു. വർത്തമാനങ്ങൾ. 1101 കർക്കടകം 26-നു പരുമല സിമ്മനാരിയിൽ നിന്നും.

1543. ചിത്രമെഴുത്ത് കെ. എം. വറുഗീസിന്. കോട്ടക്കമാലി സ്ഥലം വാങ്ങിക്കുന്നതിനെപ്പറ്റി. ടി തീയതി.

1544. തയ്യിൽ മാത്തുച്ചനു. പൊന്നുംവിലക്കേസിലേക്കുള്ള വക്കാലത്തു ശരിപ്പെടുത്തി അയക്കണമെന്നും മറ്റും.

1545. വർക്കിപ്പിള്ള. ടി വർത്തമാനം.

1546. എ. ഫീലിപ്പോസ് ജഡ്ജിക്കു. മകളുടെ കല്യാണക്കാര്യത്തെക്കുറിച്ചും ദമ്പതികൾക്കു മംഗളാശംസയും.

1547. കെ. സി. മാത്യു (ക്ലർക്ക്). കേസിനെക്കുറിച്ച്. ടി തീയതി. ടി സ്ഥലം.

1548. കാതോലിക്കാ ബാവായ്ക്കു. അയിരൂക്കുഴിയിൽ കത്തനാരെ പുത്തൻകാവിൽ പ്രവേശിപ്പിക്കുന്നതിനു വിസമ്മതമില്ലെന്നും മൂറോൻ കൂദാശ നടത്തേണ്ട കാര്യങ്ങളെക്കുറിച്ചും. 1101 കർക്കടകം 16-നു പരുമല സിമ്മനാരിയിൽ നിന്നും.

1549. പി. പി. തൊമ്മൻ മാസ്റ്റർക്കു. വർത്തമാനങ്ങൾക്കു. 1101 കർക്കടകം 29 -നു പരുമല സിമ്മനാരിയിൽ നിന്നും.

1550. പാലപ്പിള്ളിൽ പൗലൂസ് കത്തനാർക്കു. കേസു സംബന്ധമായ വർത്തമാനങ്ങൾ.

1551. പാറേട്ടു മാത്യൂസ് കത്തനാർക്കു. എം.ഡി. സിമ്മനാരി സംബന്ധമായ കാര്യങ്ങൾ.

1552. വർക്കിപ്പിള്ളയ്ക്കു. പഴയസിമ്മനാരി സംബന്ധിച്ച കാര്യങ്ങൾക്കു.

1553. മട്ടയ്ക്കൽ മല്പാനു. ടി സംഗതികൾ.

1554. ഇലഞ്ഞിക്കൽ ഫീലിപ്പോച്ചനു. കേസുകളുടെ കാര്യങ്ങൾക്കു. ടി തീയതി. ടി സ്ഥലം.

1555. കെ. സി. മാത്യു (ക്ലർക്ക്). മുളന്തുരുത്തിക്കാരുടെ കേസിലേക്കാവശ്യമുള്ള റിക്കാർട്ടുകൾക്ക്. ടി തീയതി. ടി സ്ഥലം.

1556. ... ഇതുവരെ അതിനു കഴിഞ്ഞിട്ടില്ല. അവിടെത്തന്നെ നിങ്ങൾക്കൊരു ശവക്കോട്ട അത്യാവശ്യമാണ്. അതും ഉണ്ടായിട്ടില്ല. പള്ളി ഇപ്പോൾ കടത്തിലുമാണ് ഇരിക്കുന്നത്. നമ്മുടെ തിരുവനന്തപുരത്തെ പള്ളിയുടെ നടത്തിപ്പിലേക്കു അതിനാൽ ഒരുവിധം മുതലുണ്ടെങ്കിലും അന്യഇടവകക്കാരിൽ നിന്നുള്ള ഉദ്യോഗസ്ഥന്മാരായും, കച്ചവടക്കാരായും മറ്റും അവിടെ താമസിക്കുന്നവരും, ആ പള്ളിയിൽ കൂടി നടന്നുവരുന്നവരുമായ നമ്മുടെ സഭാംഗങ്ങളുടെ കല്യാണങ്ങൾക്കുള്ള പള്ളി വരുമാനത്തിൽ ഒന്നുപകുതി തിരുവനന്തപുരത്തു പള്ളിക്കും ... ഇരിക്കത്തക്കവണ്ണം നിശ്ചയിച്ചു ആ നിശ്ചയം അനുസരിച്ചാണു ഇപ്പോൾ അവിടെ നടത്തി വരുന്നതു. അതുപ്രകാരം തന്നെ ആലപ്പുഴ പള്ളിയെ സംബന്ധിച്ചും ചെയ്യണമെന്നു ആ പള്ളിയിൽ കൂടി നടന്നുവരുന്നവർക്കു അപേക്ഷയും ആഗ്രഹവുമുണ്ട്. അവരുടെ അപേക്ഷയും ആവശ്യമായിട്ടുള്ളതാകയാൽ അനുവദിക്കേണ്ടതാണെന്നു തന്നെയാണു നമുക്കും അഭിപ്രായമായിരിക്കുന്നതു.

ആലപ്പുഴ ഇടവകക്കാരനായ നമ്മുടെ മാരേട്ടെ എ. ഫീലിപ്പോസ് ജഡ്ജി ...

1557. ചീരാമ്മാലിൽ ഗീവറുഗീസു കത്തനാർക്കു. മുളന്തുരുത്തി പള്ളിക്കേസിന്റെ വർത്തമാനവും, സാക്ഷിമൊഴിക്കായി കോട്ടയത്തേക്കു വരാമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

1558. കെ. സി. മാത്യു (ക്ലർക്ക്). മുളന്തുരുത്തിക്കാരുടെ കേസിന് ആവശ്യമുള്ള റിക്കാർട്ടുകളുടെ കാര്യം. ടി തീയതി. ടി സ്ഥലം.

1559. പറമ്പിൽ കൊച്ചുമ്മൻ വാദ്ധ്യാർക്കു. തുമ്പമൺ ഇംഗ്ലീഷ് സ്കൂൾ കാര്യവും പുത്തൻകാവുകാരൻ കൊച്ചന്റെ പണം തരാമെന്നു ഏറ്റിട്ടുള്ള ആൾവശം അയച്ചുതരണമെന്നും. 1101 കർക്കടകം 32-നു പരുമല സിമ്മനാരിയിൽ നിന്നും.

1560. തയ്യിൽ കൊച്ചീപ്പച്ചനു. വർത്തമാനങ്ങൾക്കും ബാക്കിയുള്ള പറ്റുവരവുടനെ കൊടുക്കണമെന്നും. ടി തീയതി. ടി സ്ഥലം.

1926-നു കൊല്ലം 1102 ചിങ്ങം ഒന്നിനു മുതലുള്ള ഡയറി

1. മട്ടയ്ക്കൽ മല്പാനു. വർത്തമാനങ്ങൾക്കും മറ്റും. 1102 ചിങ്ങം 1-നു പരുമല സിമ്മനാരിയിൽ നിന്നും.

2. ചീരാമ്മാലിൽ ഗീവറുഗീസു കത്തനാർക്കു. റിവ്യൂ ഓർഡർ പകർപ്പ് അയക്കുന്നു എന്നും മറ്റും.

3. കെ. സി. മാത്യു (ക്ലർക്ക്). വർത്തമാനങ്ങൾ.

4. പി. ജി. മാത്യു. വർത്തമാനങ്ങൾക്കും ... മറ്റും. 1102 ചിങ്ങം 1-നു.

5. മട്ടയ്ക്കൽ മല്പാനു. ചാപ്പൽ സംബന്ധിച്ചു സൂപ്രണ്ട് മൊഴിയെടുപ്പാൻ വരുന്നതിനെക്കുറിച്ചും മറ്റും.

6. തെക്കേക്കര കുറിയാക്കോസു കത്തനാർക്കു. കുന്നംകുളം തെക്കേ അങ്ങാടിയിൽ പാറന്നൂരു വറീതു മകൾ ... എന്ന സ്ത്രീ ഒരു അപേക്ഷ അയച്ചിട്ടുണ്ട്. അതിൽ ടി സ്ത്രീയുടെ ഭർത്താവിന്റെ ദുർന്നടത്ത സ്വഭാവം മുതലായവയിൽ ടി ഭർത്താവിനെ ഉപേക്ഷിച്ചു വേറൊരു വിവാഹം കഴിപ്പാൻ അനുവദിപ്പാൻ ആവശ്യപ്പെട്ടിട്ടുണ്ടെന്നും എന്നാൽ അത് അനുവദിക്കത്തക്കതല്ലാത്തതുകൊണ്ടു നിങ്ങൾ പട്ടക്കാർ അവർ ഭാര്യാഭർത്താക്കന്മാരെ ഗുണദോഷിച്ചു സ്നേഹത്തിൽ യോജിപ്പിച്ചും തമ്മിൽ വസിക്കുന്നതിനു ശട്ടംകെട്ടണമെന്നും മറ്റും. 1102 ചിങ്ങം 2-നു പരുമല സിമ്മനാരിയിൽ നിന്നും.

7. വർക്കിപ്പിള്ളയ്ക്കു. വർത്തമാനങ്ങൾക്കു. 1102 ചിങ്ങം 2-നു പരുമല സിമ്മനാരിയിൽ നിന്നും.

8. മട്ടയ്ക്കൽ മല്പാനു. വർത്തമാനങ്ങൾക്കു. ടി തീയതി. ടി സ്ഥലം.

9. ചെറിയമഠത്തിൽ മല്പാനു. ശീമ വർത്തമാനങ്ങൾക്കും മറ്റും. ടി തീയതി. ടി സ്ഥലം.

10. കൊച്ചുമെത്രാച്ചനു. കൊട്ടാരക്കര യോഗനടപടികളെക്കുറിച്ചും തേമ്മാലിൽ അപ്പോത്തിക്കരിയുടെ എഴുത്തു ഇതു സഹിതം അയക്കുന്നു എന്നും വേണ്ടതു പ്രവർത്തിക്കണമെന്നും മറ്റും. 1102 ചിങ്ങം 6-നു പരുമല സിമ്മനാരി.

11. കെ. പി. പുന്നൂസ് വക്കീലിനു. വർത്തമാനങ്ങൾക്കും, പുനർവിവാഹത്തെപ്പറ്റി അറിഞ്ഞതിൽ സന്തോഷിക്കുന്നുയെന്നും. ടി തീയതി.

12. തേമ്മാലിൽ തോമ്മസു അപ്പോത്തിക്കരിക്കു. എഴുത്തു കൊച്ചുമെത്രാച്ചന്റെ പേർക്കയച്ചിട്ടുണ്ടെന്നും, അദ്ദേഹം കഴിവുപോലെ പ്രവൃത്തിക്കുമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

13. ചെറിയമഠത്തിൽ സ്കറിയാ മല്പാനു. വർത്തമാനങ്ങൾ. 1102 ചിങ്ങം 7-നു പരുമല സിമ്മനാരി.

14. പുന്നവേലി പള്ളിക്കാർക്കു. പ്രിയരെ, നിങ്ങളിൽ വികാരി പയ്യമ്പള്ളിൽ മൂപ്പച്ചന്റെ ഒരു റിപ്പോർട്ട് ഈ മാസം 3-നു നമ്മുടെ പേർക്കെഴുതി അയച്ചതു നിങ്ങളിൽ പള്ളിക്കാരിൽ ഏതാനും ആളുകൾ കൂടി എഴുതിയിട്ടുള്ള ഒരു റിപ്പോർട്ടോടു കൂടി ഇവിടെ നമുക്കു കിട്ടി. പള്ളിക്കാരുടെ റിപ്പോർട്ടിൽ ആണ്ടു മാസം തീയതി കാണുന്നില്ല. കണക്കൻ മാത്രം ഒപ്പിട്ടിട്ടുള്ളതായ ... റിപ്പോർട്ടും ഇവകളോടുകൂടെ അയച്ചുതന്നതും ഇവിടെ കിട്ടി. നിങ്ങളുടെ മുമ്പിലത്തെ തിരഞ്ഞെടുപ്പും, ഇപ്പോഴത്തെ തിരഞ്ഞെടുപ്പും തമ്മിൽ വ്യത്യാസപ്പെട്ടിരിക്കുന്നതായിട്ടാണു കാണുന്നതു. മുമ്പിലത്തേതിൽ നമ്മോടു ഉപായം നിങ്ങൾ ഉപയോഗിച്ചതായി നമുക്കുണ്ടായ സംശയത്തെ ഇതു കുറെക്കൂടെ ബലപ്പെടുത്തുകയാണു ചെയ്തിരിക്കുന്നതു. അതുകൾക്കു നിങ്ങൾ യാതൊരു ഒഴികഴിവുകളും പറഞ്ഞു കാണുന്നുമില്ല. ഇപ്പോഴത്തെ റിപ്പോർട്ടു വായിച്ചതു സംബന്ധിച്ചു നമുക്കു ചില സംശയങ്ങൾ തോന്നുന്നു. നമ്മുടെ സംശയങ്ങളെ തീർത്തു തരേണ്ടിയ ചുമതല നിങ്ങൾക്കുണ്ടെന്നു നാം വിശ്വസിക്കുന്നു. ... മുതൽകെട്ടു ചുമതലക്കാരനായി നാം കല്പന മൂലം നിയമിച്ചിരിക്കുന്നതിനാൽ ടി കുഞ്ചെറിയ വറുഗീസിനെക്കൊണ്ടു മുതൽചുമതല ജോലി നടത്തിച്ചുകൊള്ളുകയും വേണം. നിങ്ങളുടെ ആദ്യ തിരഞ്ഞെടുപ്പിൽ ടി കുഞ്ചെറിയ വറുഗീസിനെ മുതൽചുമതലക്കാരനായിട്ടും ഇപ്പോഴത്തെ തിരഞ്ഞെടുപ്പിൽ പെട്ടിസൂക്ഷിപ്പുകാരനായും നിങ്ങൾ തിരഞ്ഞെടുത്തിരിക്കുന്നതായി അറിയുന്നതുകൊണ്ടു ടി കുഞ്ചെറിയാ വറുഗീസ് നമുക്കെന്നപോലെ നിങ്ങൾക്കും വിശ്വസ്തനാണെന്നു നാം വിശ്വസിക്കുന്നു. ശേഷം പിന്നാലെ. സർവ്വശക്തനായ ...

1102 ചിങ്ങം 7-നു പരുമല സിമ്മനാരിയിൽ നിന്നും.

15. പയ്യമ്പള്ളിൽ മൂപ്പച്ചനു. പുന്നവേലി പള്ളിയ്ക്കുള്ള കല്പന ഇതു സഹിതം അയക്കുന്നുയെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

16. പാലപ്പിള്ളിൽ പൗലൂസ് കത്തനാർക്കു. വക്കാലത്തു സാക്ഷി ലിസ്റ്റ് അയക്കണമെന്നും മറ്റും. 1102 ചിങ്ങം 9-നു പരുമല സിമ്മനാരിയിൽ നിന്നും.

17. പയ്യമ്പള്ളിൽ ദാവീദു കത്തനാർക്കു. തേർവേലിൽ അന്ത്രയോസു കത്തനാർ ഇവിടെ വന്നു ചില സംഗതികളെപ്പറ്റി ക്ഷമായാചനം ചെയ്തു എന്നും ടിയാനെ പുന്നവേലിൽ ഒരു തവണ നടത്തത്തക്കവണ്ണം നിശ്ചയിച്ചിരിക്കുന്നു എന്നും മറ്റും. ടി തീയതി. ടി സ്ഥലം.

18. പുന്നവേലിൽ പള്ളിക്കാർക്കു. പ്രിയരെ, ഈ കഴിഞ്ഞ ... കഴിഞ്ഞ കർക്കടകം 14-നു അയച്ച കല്പന മൂലം റദ്ദു ചെയ്യുകയും തൽക്കാല ആവശ്യങ്ങൾ നടത്തുന്നതിലേക്കു ഈ മാസം 7-നു ഒരു കല്പന നിങ്ങൾക്കയക്കയും ചെയ്തിട്ടുണ്ടല്ലോ.

നമ്മുടെ അലക്സന്ത്രയോസു കത്തനാർ ഇന്നലെ ഇവിടെ നമ്മുടെ അടുക്കൽ വരികയും അയാളെ സംബന്ധിച്ചുള്ള സമാധാനങ്ങൾ ഒക്കെയും നമ്മുടെ അടുക്കൽ ബോധിപ്പിക്കുകയും ടി സംഗതികൾക്കു ക്ഷമായാചനം ചെയ്കയും

ചെയ്തതിനാൽ നാം ഇപ്പോൾ നിങ്ങളുടെ പേർക്കു ഇതു എഴുതുന്നതാണു. ആ പള്ളിയുടെ വികാരി പയ്യമ്പള്ളിൽ മൂപ്പച്ചനെക്കൊണ്ടു തനിച്ചു വി. കുർബ്ബാന മുതലായ ആത്മീയ കർമ്മങ്ങൾ വീഴ്ച കൂടാതെ അവിടെ നടത്തുക പ്രയാസ മാകകൊണ്ടു മാസത്തിൽ ഒരു തവണ അന്ത്രയോസു കത്തനാരെക്കൊണ്ടു കൂടെ നടത്തിച്ചുകൊള്ളുകയും കല്യാണങ്ങൾക്കു കുറി മുതലായി വികാരിത്വത്തിനടുത്ത സകല ... അധികാരങ്ങളും വികാരി പയ്യമ്പള്ളിൽ മൂപ്പച്ചനെക്കൊണ്ടു നടത്തിച്ചുകൊള്ളുകയും ചെയ്യണം. മറ്റുള്ള നിങ്ങളുടെ അപേക്ഷയെ സംബന്ധിച്ചു കേട്ടു തീരുമാനിക്കുന്നതിനു വേണ്ടി നിങ്ങൾ പള്ളിക്കാർ ഇവിടെ നമ്മുടെ അടുക്കൽ വന്നുചേരണമെന്നും ചിങ്ങ മാസം 7-നു നാം അയച്ചിരുന്ന കല്പനപ്രകാരം നിങ്ങൾ താമസിയാതെ നമ്മുടെ മുമ്പാകെ വന്നുചേരുമെന്നു വിശ്വസിക്കുന്നു. സർവ്വശക്തനായ ദൈവത്തിന്റെ കൃപയും ... 1102 ചിങ്ങം 9-നു പരുമല സിമ്മനാരിയിൽ നിന്നും.

ചിങ്ങം 9-നു പകൽ ഒരു മണിക്കു പരുമല സിമ്മനാരിയിൽ നിന്നും വള്ളം വഴി 10-നു രാവിലെ കോട്ടയത്തു സിമ്മനാരിയിൽ എത്തി.

19. മുറന്തൂക്കിൽ മാത്തു കത്തനാർക്കു. ഇവിടെ എത്തിയെന്നും മറ്റുമുള്ള വർത്തമാനങ്ങൾക്കു. 1102 ചിങ്ങം 10-നു കോട്ടയത്തു സിമ്മനാരിയിൽ നിന്നും.

20. പാലപ്പിള്ളിൽ പൗലൂസ് കത്തനാർക്കു. ടി വർത്തമാനങ്ങൾ.

21. ചീരാമ്മാലിൽ ഗീവറുഗീസ് കത്തനാർക്കു. ഇവിടെ എത്തിയെന്നു. നിങ്ങളിൽ ആരെങ്കിലും കമ്മീഷനും മറ്റും വരുന്നതിനു മുമ്പുള്ള ചർച്ചയ്ക്കു വരണമെന്നും മറ്റും. ടി സ്ഥലം. ടി തീയതി.

22. ഇലഞ്ഞിക്കൽ ഫീലിപ്പോച്ചനു. വർത്തമാനങ്ങൾക്കും മറ്റും. 1102 ചിങ്ങം 11-നു കോട്ടയം സിമ്മനാരിയിൽ നിന്നും.

(തുടരും)

സമ്പാദകൻ: ജോയ്സ് തോട്ടയ്ക്കാട്



The Ecumenical Clergy Fellowship meeting was held at the St. Thomas Ashram Chapel, Bhilai on 26th November 2024. The meeting was presided over by Alexios Mar Eusebius Metropolitan. Priests, Sisters, and Baskyomos from various sister churches attended the meeting.



സെറാമ്പൂർ യൂണിവേഴ്സിറ്റിയിൽ നിന്നും കൗൺസിലിങ്ങിൽ ഡോക്ടറേറ്റ് കരസ്ഥമാക്കിയ കരിപ്ര വാഴവിള സുജു ഭവനിൽ ഫാ. ജിബു സോളമൻ. കുണ്ടറ ആശുപത്രിമുക്ക് കാദീശ്ത്ത ഓർത്തഡോക്സ് പള്ളി വികാരിയാണ്.



കരിഷ്മ ഷാലു ചെന്നൈ എസ്.ആർ.എം. യൂണിവേഴ്സിറ്റിയിൽ നിന്നും MSc അറ്റ്മോസ്ഫിയറിക് സയൻസിൽ ഗോൾഡ് മെഡലോടെ ഒന്നാം റാങ്ക് കരസ്ഥമാക്കി. കുണ്ടറ ഹോറേബിൽ ഷാലു ജോണിന്റെയും ജിനി ജോർജിന്റെയും മകളാണ്. ഇപ്പോൾ തമിഴ്നാട് ഡിസാസ്റ്റർ മാനേജ്മെൻറ് അതോറിറ്റിയിൽ (TNSDMA) മീറ്ററോളജിക്കൽ ഡാറ്റ അനലിസ്റ്റ് ആയി ജോലി ചെയ്യുന്നു. കുണ്ടറ തൃപ്പിലഴികം സെന്റ് തോമസ് സെഹിയോൻ ഓർത്തഡോക്സ് ഇടവകാംഗം.



കുന്നംകുളം പഴഞ്ഞി മാർ ഡയനീഷ്യസ് കോളേജിൻറെ Patron's Day 2024 നവംബർ 25-നു സമുചിതമായി ആചരിച്ചു. അനുസ്മരണ സംമ്മേളത്തിൽ കോളജ് മാനേജർ ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ മുഖ്യ പ്രഭാഷണം നടത്തി.



ഡോ. സിസാ തോമസ് കേരള ഡിജിറ്റൽ സർവകലാശാല വൈസ് ചാൻസലർ


തിരുവനന്തപുരം: എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവകലാശാല മുൻ വൈസ് ചാൻസലർ ഡോ. സിസാ തോമസിനെ കേരള ഡിജിറ്റൽ സർവകലാശാല വൈസ് ചാൻസലറായി ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ നിയമിച്ചു. സാങ്കേതിക വിദ്യാഭ്യാസ സീനിയർ ജോയിന്റ് ഡയറക്ടർ സ്ഥാനത്ത് നിന്ന് വിരമിച്ച സിസാ തോമസിനെതിരെ സർക്കാർ പ്രതികാര നടപടി സ്വീകരിക്കുന്നുവെന്ന ആക്ഷേപം ഉയരുന്നതിനിടെയാണ് അവരെ ഡിജിറ്റൽ സർവകലാശാലയുടെ വിസിയായി ഗവർണർ നിയമിച്ചിരിക്കുന്നത്.

തേവലക്കര കൊച്ചുകുളങ്ങര പുതുവീട്ടിൽ തരകൻ കുടുംബാംഗം തറവാട്ടിൽ ഡോ. ജോൺ റ്റി. തരകന്റെ (ISRO) സഹധർമിണിയാണ്. മാവേലിക്കര പത്തിച്ചിറ മാമൂട്ടിൽ പരേതനായ എം. സി. തോമസിന്റെയും അക്കാമ തോമസിന്റെയും മകളാണ്. ഇപ്പോൾ തിരുവനന്തപുരം സെൻറ് ജോർജ് ഓർത്തഡോക്സ് കത്തീഡ്രൽ ഇടവകാംഗമാണ്.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Human Freedom, Dignity and Rights: Some Reflections on the vision of Dr. Paulos Mar Gregorios

Justice Alexander Thomas
(Chairperson, Kerala State Human Rights Commission, and former Acting Chief Justice, High Court of Kerala)



Esteemed Vice Chancellor, guests, scholars, and students,

Today, we gather to reflect on the legacy of Dr. Paulos Mar Gregorios, a luminary whose thoughts on human freedom, dignity, and rights are as profound as they are timeless. Known for his penetrating insights and global vision, Dr. Gregorios was described by former Supreme Court Justice V. R. Krishna Iyer as "a cultural wonder and global wanderer with a head and heart full of spiritual ware and moral corals." Justice Iyer, who shared a deep intellectual kinship with Dr. Gregorios, noted, "what brought me closer to him is the crimson spirituality whereby socialism meets with humanism and both blend with the Supreme Light." This rich description captures the essence of Dr. Gregorios's life and thought: an unwavering commitment to justice, dignity, and compassion that transcends borders, ideologies, and doctrines.

Dr. Paulos Mar Gregorios's life journey, from his early years in Kerala to his experiences in Ethiopia, profoundly shaped his worldview on human dignity and unity. Serving as an educational advisor to Emperor Haile Selassie, he was deeply moved by the Ethiopian Orthodox Church's rich cultural and spiritual heritage. This encounter strengthened his belief in the shared spiritual essence of humanity and the beauty of religious diversity. His Ethiopian experience inspired a lifelong commitment to ecumenism—promoting unity among Christian traditions—and a vision of interfaith harmony that transcends religious boundaries. His journey, starting from humble beginnings in Kerala to a life of profound scholarship and spiritual leadership as an Eastern Orthodox theologian, philosopher, and Metropolitan of the Malankara Orthodox Syrian Church, and his life experiences shaped his worldview—his encounters with poverty, injustice, and inequality deepened his commitment to human dignity as a universal right. His empathy and spirituality forged a philosophy that transcended religious boundaries, advocating for a world where dignity, respect, and compassion form the foundation of human interaction. Through his teachings and his writings, Dr. Gregorios emphasised that dignity is inherent, a divine aspect of every human being's existence, and his life exemplified a deep respect for that dignity across cultures and faiths. Through his leadership in the World Council of Churches and various interfaith dialogues, he championed the idea that true human dignity is honoured when faiths come together in mutual respect, compassion, and a shared quest for truth.

Dr. Gregorios's view of human freedom and dignity was grounded in a sense of spiritual wholeness. To him, every individual was a unique reflection of a divine light, capable of profound self-realisation and worthy of respect. This awareness guided his belief that each person holds an innate dignity, a value that no external force can diminish. He once observed, "To live without an awareness of who we are and what we are meant to be is perhaps the greatest tragedy of the human condition." He viewed freedom as a divine attribute, essential for all humanity, transcending gender and cultural boundaries.

Dr. Gregorios's reflections call upon us to recognize that freedom and dignity are not merely abstract ideals, but essential aspects of what it means to be human. His legacy challenges us to envision a world that fosters these values—a world where socialism meets humanism, united in a shared commitment to justice, empathy, and the common good.

In a world often swayed by political and economic interests, Dr. Gregorios's thoughts challenge us to recognize the sanctity of the individual. He viewed each person not as a mere cog in the societal machine but as a being with an inherent worth, endowed with a purpose that transcends time. He once observed, "To live without an awareness of who we are and what we are meant to be is perhaps the greatest tragedy of the human condition." This conviction served as the cornerstone of his life's work, driving his advocacy for a society that nurtures the whole person. His life was a testament to compassionate activism, challenging exploitation and advocating for justice. Mar Gregorios believed in the transformative power of love, asserting that true freedom is rooted in the pursuit of truth and justice.

1. The Concept of Freedom in Gregorios's Thought

Human freedom, to Dr. Gregorios, is not simply the absence of restraint or oppression; it is the profound ability to actualize one's deepest potential. In his writings, he distinguished between external liberty and internal freedom, emphasising that true freedom arises when individuals can cultivate inner strength and insight. For him, inner freedom was a spiritual and intellectual state, a realm where human beings connect with their purpose.

His vision of freedom was closely intertwined with a collective responsibility, reminding us that no individual exists in isolation. In his words, "True freedom does not reside in selfish pursuits but in the service of others, for only through the well-being of all can one attain true liberty." This ideal speaks to the duties that come with freedom, advocating a balance that respects personal autonomy while fostering communal harmony. As we reflect on his legacy, let us commit to fostering the ideals he championed—unity, respect, and unwavering support for the marginalised. Dr. Paulos Mar Gregorios' views on human freedom profoundly shaped his advocacy for justice and

peace. He believed that true freedom is a divine attribute, essential for all individuals, and endorsed the dignity of every person, regardless of gender or background.

In our contemporary world, rights often overshadow responsibilities, leading to a society where freedom is perceived merely as the right to individual expression or economic success. Dr. Gregorios, however, calls us to remember that freedom is rooted in moral consciousness, requiring self-awareness, humility, and a devotion to the greater good.

2. Human Dignity: A Universal Right

Dignity, in Dr. Gregorios's thought, is both inherent and relational. It is inherent because every human life possesses value beyond measure. It is relational because dignity is expressed and honoured within communities, and every human being's worth is intertwined with that of others. He passionately believed that "human dignity is inviolable," not contingent upon societal status, wealth, or achievements.

He often drew from religious teachings, affirming the belief that dignity is granted to every human being by virtue of their very existence. In his words, "The divine spark resides in all, a reminder that every soul deserves respect, compassion, and love." This principle resonates with the foundational doctrines of human rights and reminds us of the obligations that we hold toward each individual, irrespective of background or belief.

Dr. Gregorios's stance on dignity challenges us to re-evaluate our societal structures. In a world where consumerism and technology often diminish personal value, his philosophy invites us to safeguard each individual's worth. As he wisely noted, "Dignity is the ground from which human freedom springs; without it, freedom becomes self-serving, and rights become tools for division rather than unity."

3. Human Rights: A Moral Imperative


Dr. Gregorios's reflections on human rights stem from his belief in the shared human experience. Rights, as he viewed them, are not privileges granted by governments but universal entitlements derived from human dignity. He recognized that true progress demands a commitment to social justice, advocating that a society which respects human rights is one that has reached a higher moral consciousness. His commitment to justice was evident in his passionate challenges against oppression, colonialism, and economic exploitation, often placing him in direct confrontation with powerful entities. Mar Gregorios emphasised the need for a just society aligned with Christian principles, advocating for social restructuring to address systemic poverty and inequality.

Yet, Dr. Gregorios also cautioned against reducing human rights to a mere legal framework. To him, rights are deeply moral concepts, rooted in empathy and solidarity. He noted, "When we speak of rights, let us remember they are the means through which society acknowledges the inestimable worth of each individual." This reminder urges us to uphold rights not out of legal obligation alone, but as a reflection of our own humanity.

In his view, human rights without a foundation of dignity and freedom are hollow. They become tools for self-interest rather than pathways to justice. His stance aligns well with the Universal Declaration of Human Rights, particularly its preamble, which states that "recognition of the inherent dignity and of the equal and inalienable rights of all members of the human family is the foundation of freedom, justice and peace in the world."

4. Bridging Rights and Responsibilities

A distinguishing feature of Dr. Gregorios's philosophy is his insistence that human rights must be balanced by responsibilities. He believed that rights,



when exercised without responsibility, lead to societal fragmentation. "Rights, if not tempered by duties," he once observed, "become blind to the needs of others, and blind rights give rise to a world of competition rather than compassion."

In the current discourse on rights, where demands for individual entitlements often overshadow collective responsibilities, his message is particularly resonant. He urges us to approach rights with humility, seeing them as means to fulfil our duty toward others. True human rights advocacy, in his view, is not merely about enforcing laws; it is about cultivating a culture where each individual recognizes their role in uplifting the community.

5. The Ethical Foundation of Human Rights

One cannot examine Dr. Gregorios's views on human rights without acknowledging his ethical convictions. He argued that ethics must be the bedrock of any rights-based society. The reduction of human rights to policy or law, he warned, robs it of its deeper significance. Ethics, to him, was the universal language of compassion, integrity, and selflessness.

He believed that an ethical society prioritises not only rights but also moral accountability. In his words, "A society grounded in ethics does not need to enforce rights; it embodies them." This profound statement captures his hope for a world where justice flows naturally from shared values, rather than being imposed through regulations alone.

6. A Call for Compassionate Leadership

Dr. Gregorios's work reminds us that the protection of human rights and dignity requires a form of leadership infused with compassion and vision. He viewed leaders not as mere administrators of laws but as guardians of

human welfare. His philosophy emphasises that the leaders who defend human rights must themselves embody the values they seek to promote. He once noted, "A society's moral health can be gauged by the courage and compassion of its leaders."

7. His Vision for the Future

Dr. Gregorios's vision for the future remains a clarion call to our generation. He envisioned a world where every person, regardless of their origins or beliefs, could live with dignity, freedom, and rights that nurture rather than constrain. In a memorable statement, he said, "The future will judge us not by the power we wielded but by the dignity we granted to the weakest among us."

Conclusion

Dr. Paulos Mar Gregorios's vision of human dignity, freedom, and rights aligns closely with the philosophical evolution of human rights, which centers on the inherent worth of the individual. In Dr. Gregorios's view, dignity is the foundation of all human value, a sacred quality that each person carries by virtue of their existence, which in turn grounds their freedom and rights. Philosophers over centuries—from Enlightenment thinkers to modern human rights advocates—have argued that rights are not granted by states but derived from the intrinsic dignity of each human being. Freedom, in this context, is more than the absence of oppression; it is the capacity to realize one's potential within a just society. Dr. Gregorios took this further, seeing freedom as intrinsically tied to the well-being of others, underscoring the mutual responsibilities that uphold rights. His philosophy reflects a view where dignity is inseparable from rights and freedom, each serving as pillars of a moral and humane society, echoing the deepest aspirations of human rights philosophy for a world of respect, justice, and solidarity.

As we reflect upon his words, may we find in them a call to action—a call to build a world worthy of the inherent worth he saw in every human being. For as Dr. Gregorios reminded us, "Our greatest purpose is not in seeking power, but in honouring the beauty and dignity of each human soul." In reflecting on Dr. Paulos Mar Gregorios's profound insights, we are reminded that the true strength of human rights lies in their philosophical foundation—a foundation that honours human freedom, upholds dignity, and binds us in mutual respect. His vision urges us to see human rights not merely as entitlements or protections, but as moral imperatives woven into the fabric of our shared humanity. At its core, his philosophy teaches that freedom, dignity, and rights are interconnected ideals that, together, elevate the human experience. As we carry forward his legacy, may we strive to root our actions and policies in these principles, recognizing that a just society begins with an unwavering commitment to the dignity of every individual. In doing so, we not only honour the legacy of Metropolitan Dr. Paulos Mar Gregorios, but also contribute to a world that reflects the highest aspirations of human rights.

In concluding, let us honour Dr. Paulos Mar Gregorios by embracing his philosophy with open hearts and committed minds. As we seek to uphold the principles of freedom, dignity, and rights, may we strive to embody his vision: a society where each individual is valued, where justice is both a personal commitment and a collective goal, and where our shared humanity becomes the foundation for all that we pursue. His interfaith dialogue principles further promoted respect and understanding among diverse beliefs, reinforcing his vision of a peaceful coexistence rooted in love and compassion.


Reflecting on the philosophical foundation of human rights, we find that their true strength lies in an unwavering commitment to freedom, dignity, and mutual respect. Human rights are not merely entitlements or legal protections; they are profound moral imperatives that recognize the intrinsic



worth of every person. This foundation teaches us that freedom, dignity, and rights are interwoven ideals, essential to a just and humane society. By upholding these principles, we honour the highest aspirations of humanity—creating a world where each individual's inherent value is recognized, protected, and nurtured. Let this understanding guide us, reminding us that a genuinely just society begins with our commitment to these timeless values.

Thank you.

പുസ്തകം



Love's Freedom: The Grand Mystery

A Spiritual Autobiography

All-uniting Love with Creative Freedom in the Spirit,
as the Grand Mystery at the Heart of Reality — One Man's Vision

Dr. Paulos Mar Gregorios

Published by: Dr. Paulos Mar Gregorios Chair, MG University, Kottayam

Rs. 500/-

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH



സാറാ

സിസ്റ്റർ മേരി OSM
(ബേത്‌ലഹേം ദയറ കിഴക്കമ്പലം)



ബൈബിളിലെ ഏറ്റവും പ്രധാനപ്പെട്ടതും സങ്കീർണ്ണവുമായ സ്ത്രീ കഥാപാത്രങ്ങളിൽ ഒരാളാണ് സാറാ, യഥാർത്ഥത്തിൽ സാറായി എന്നാണ്. അബ്രഹാമിന്റെ ഭാര്യയെന്ന നിലയിൽ, ഇസ്രായേല്യരുമായുള്ള ദൈവത്തിന്റെ ഉടമ്പടിയുടെ വികാസത്തിൽ അവൾ ഒരു പ്രധാന പങ്ക് വഹിക്കുന്നു. അവളുടെ കഥ വിശ്വാസം, സംശയം, പ്രതിരോധം, പരിവർത്തനം എന്നിവയുടെ പ്രമേയങ്ങളാൽ സമ്പന്നമാണ്.

1. വിശ്വാസമുള്ള സാറ

തുടക്കം മുതലേ, സാറയുടെ ജീവിതം തന്റെ ഭർത്താവായ അബ്രഹാമിന് ദൈവം നൽകിയ വാഗ്ദാനങ്ങളുമായി ഇഴചേർന്നിരിക്കുന്നു. ഉല്പത്തി 12-ൽ, ദൈവം അബ്രഹാമിനെ തന്റെ മാതൃരാജ്യത്തിൽ നിന്ന് വിട്ടുപോകാൻ വിളിക്കുന്നു, ഒപ്പം സാറയെ അജ്ഞാതമായ ഒരു ദേശത്തിലേക്ക് യാത്ര ആരംഭിക്കാൻ വിളിക്കുന്നു. വെല്ലുവിളികൾക്കിടയിലും, സാറ തന്റെ ഭർത്താവിനെ പിന്തുടരുന്നു, ദൈവത്തിന്റെ പദ്ധതിയിലുള്ള വിശ്വാസം പ്രകടമാക്കുന്നു. എന്നിരുന്നാലും, അവരുടെ യാത്ര പുരോഗമിക്കുമ്പോൾ, സാറയുടെ വിശ്വാസം കൂടുതൽ ബുദ്ധിമുട്ടുള്ള വഴികളിലൂടെ പരീക്ഷിക്കപ്പെടുന്നു,

വൃദ്ധയായിരിക്കുന്ന താൻ ഒരു മകനെ പ്രസവിക്കുമെന്ന ദൈവത്തിന്റെ വാഗ്ദത്തം ആദ്യമായി കേൾക്കുമ്പോൾ, സാറയ്ക്ക് സംശയമുണ്ട്. വാർദ്ധക്യത്തിൽ തനിക്ക് ഒരു കുട്ടിയുണ്ടാകുമെന്ന് കേട്ടപ്പോൾ അവൾ ചിരിച്ചു (ഉൽപത്തി 18:12). ഇത് സാറയുടെ മനുഷ്യത്വവും ദുർബലതയും വെളിപ്പെടുത്തുന്നു. അവളുടെ ആദ്യ ചിരി അവിശ്വാസം മാത്രമല്ല, വന്ധ്യത മൂലം വർഷങ്ങളോളം അവൾ അനുഭവിച്ച നിരാശയുടെ പ്രതിഫലനം കൂടിയാണ്.

എന്നാൽ ഇസഹാക്കിന്റെ അത്ഭുതകരമായ ജനനത്തിനുശേഷം, സാറ, ‘ദൈവം എനിക്ക് ചിരി വരുത്തി, ഇത് കേൾക്കുന്ന എല്ലാവരും എന്നോടൊപ്പം ചിരിക്കും‘ എന്ന് പറയുന്നു.(ഉല്പത്തി 21:6). ഈ പ്രഖ്യാപനം, ദൈവത്തിന്റെ വാഗ്ദത്തം സന്തോഷത്തോടെ സ്വീകരിക്കുന്ന ഒരു സ്ത്രീക്കു വന്ന പരിവർത്തനത്തെ സൂചിപ്പിക്കുന്നു. ഏറ്റവും സംശയാസ്പദമായ ഹൃദയങ്ങളിൽ പോലും രൂപാന്തരം കൊണ്ടുവരാനുള്ള ദൈവത്തിന്റെ കഴിവിന്റെ ശക്തമായ തെളിവാണ് സാറയുടെ വിശ്വാസയാത്ര.

പുരാതന ലോകത്ത്, ഒരു സ്ത്രീയുടെ മൂല്യം പലപ്പോഴും കുട്ടികളുണ്ടാകാനുള്ള അവളുടെ കഴിവുമായി ബന്ധപ്പെട്ടിരുന്നു. കുട്ടികളെ പ്രസവിക്കാനുള്ള അവളുടെ കഴിവില്ലായ്മയുമായി ബന്ധപ്പെട്ട് സാറ വലിയ സാംസ്കാരിക സമ്മർദ്ദം അനുഭവിച്ചിരുന്നു. അവളുടെ വന്ധ്യത ഒരു വ്യക്തിപരമായ പോരാട്ടമല്ല, മറിച്ച് ആഴത്തിലുള്ള ലജ്ജയുടെയും നിരാശയുടെയും ഉറവിടമാണ്. ഈ പശ്ചാത്തലത്തിലാണ് അവൾ കാര്യങ്ങൾ സ്വന്തം കൈകളിലേക്ക് എടുക്കുന്നത് (ഉല്പത്തി 16). നിരാശയുടെ ഒരു നിമിഷത്തിൽ, സാറ അബ്രഹാമിനെ തന്റെ വേലക്കാരിയായ ഹാഗാറിൽ നിന്ന് ഒരു കുട്ടിയെ ജനിപ്പിക്കാൻ പ്രോത്സാഹിപ്പിക്കുന്നു. ഒരുപക്ഷേ ദൈവത്തിന്റെ വാഗ്ദത്തം തന്നിലൂടെയല്ല ഹാഗാറിലൂടെ നിറവേറ്റപ്പെടുമെന്ന് സാറ വിശ്വസിച്ചു. ഈ പ്രവൃത്തി, പ്രത്യക്ഷത്തിൽ പ്രായോഗികമെന്ന് തോന്നുമെങ്കിലും, ദൈവത്തിന്റെ സമയത്തിലും പദ്ധതിയിലും അവിശ്വാസത്തിന്റെ ഒരു നിമിഷത്തെ പ്രതിനിധീകരിക്കുന്നു. സാറയുടെ നിർദ്ദേശം പിന്നീട് കുടുംബത്തിനുള്ളിൽ കലഹം സൃഷ്ടിക്കുന്നു, ഇത് ഹാഗറും സാറയും തമ്മിലുള്ള പിരിമുറുക്കത്തിലേക്ക് നയിക്കുന്നു. ഹാഗാറിന്റെ ഗർഭധാരണത്തിന്റെ കഥ, സ്വന്തം ജീവിതത്തിന്മേലുള്ള നിയന്ത്രണം, കീഴടങ്ങാനുള്ള സാറയുടെ ബുദ്ധിമുട്ട്, ദൈവത്തിന്റെ തികവുറ്റ സമയത്തിനായി കാത്തിരിക്കുന്നതിലെ പരാജയം എന്നിവ എടുത്തു കാണിക്കുന്നു.

എന്നിരുന്നാലും, ഹാഗാറിലൂടെ ഇസ്മായേലിന്റെ ജനനം ഒരു പ്രധാന വഴിത്തിരിവായി അടയാളപ്പെടുത്തുന്നു. ദൈവം വാഗ്ദത്തം ചെയ്ത കുട്ടിയല്ലെങ്കിലും, സ്വന്തം പദ്ധതികൾക്കനുസരിച്ച് ദൈവഹിതം നിർബന്ധിക്കാൻ സാറയുടെ ശ്രമത്തിന്റെ അനന്തരഫലമാണിത്. ദൈവത്തിന്റെ വാഗ്ദാനങ്ങളെ നിയന്ത്രിക്കുന്നതിനോ കൈകാര്യം ചെയ്യുന്നതിനോ ഉള്ള മനുഷ്യരുടെ ശ്രമങ്ങൾ പലപ്പോഴും സങ്കീർണതകളിലേക്കും കഷ്ടപ്പാടുകളിലേക്കും നയിക്കുന്നുവെന്ന ഓർമ്മപ്പെടുത്തലായി ഈ സംഭവം മാറുന്നു. ഇസഹാക്കിനെ പ്രസവിക്കുമ്പോൾ, സാറ ദൈവത്തിന്റെ വാഗ്ദത്തത്തിന്റെ ആത്യന്തികമായ സ്വീകാര്യതയും, ദൈവഹിതത്തോടുള്ള അവളുടെ കീഴ്പ്പെടലും പ്രകടമാക്കുന്നു.

2. ദൈവ ഉടമ്പടിയിലെ സഹ പങ്കാളി

അവരുടെ യാത്രയിലുടനീളം, സാറ അബ്രഹാമിന്റെ ഭാര്യ മാത്രമല്ല, ദൈവത്തിന്റെ ഉടമ്പടിയിലെ അവന്റെ ഏറ്റവും അടുത്ത കൂട്ടുകാരിയും പങ്കാളിയുമാണ്. അവരുടെ ബന്ധം, ചിലപ്പോൾ സംഘർഷത്തിന്റെ നിമിഷങ്ങളാൽ അടയാളപ്പെടുത്തിയിട്ടുണ്ടെങ്കിൽ പ്രത്യേകിച്ച് സാറയുടെ വന്ധ്യതയുടെ പശ്ചാത്തലത്തിൽ, പരസ്പര വിശ്വാസവും ദൈവത്തിന്റെ വാഗ്ദാനങ്ങളിലുള്ള വിശ്വാസവും കൂടിയാണ്. ഈജിപ്തിലേക്കും (ഉല്പത്തി 12) പിന്നീട് ഗെരാറിലേക്കും (ഉല്പത്തി 20) അവരുടെ യാത്രയിൽ ഒരു പങ്കാളിയെന്ന നിലയിൽ സാറയുടെ പങ്ക് തികച്ചും വ്യക്തമാണ്, അവിടെ സാറയുടെ സൗന്ദര്യം അബ്രഹാമിന് തന്റെ ജീവനെക്കുറിച്ച് ഭയം വരുത്തുന്നു.

ഈ രണ്ട് സന്ദർഭങ്ങളിലും, അബ്രഹാം സാറയോട് അവളുടെ സൗന്ദര്യം ആഗ്രഹിച്ചേക്കാവുന്ന വിദേശ ഭരണാധികാരികളാൽ കൊല്ലപ്പെടാതിരിക്കാൻ തന്റെ സഹോദരിയായി അഭിനയിക്കാൻ ആവശ്യപ്പെടുന്നു. ഇത് ധാർമ്മികവും ധാർമ്മികവുമായ പിരിമുറുക്കത്തിന്റെ ഒരു നിമിഷമാണ്, കാരണം അബ്രഹാമിന്റെ ഭയം അവനെ സത്യസന്ധതയില്ലാതെ പ്രവർത്തിക്കാൻ പ്രേരിപ്പിക്കുന്നു. എന്നിരുന്നാലും, സാറ ഈ സംഭവങ്ങളിൽ നിഷ്ക്രിയയായി തോന്നുമെങ്കിലും, അവളുടെയും അബ്രഹാമിന്റെയും ജീവൻ സംരക്ഷിക്കുന്നതിൽ നിർണായക പങ്ക് വഹിക്കുന്നു. അബ്രഹാമിനോടുള്ള സാറയുടെ കീഴ്പെടൽ ഈ സന്ദർഭങ്ങളിൽ വ്യക്തമാണെങ്കിലും, അവരുടെ ബന്ധത്തിന്റെ വിശാലമായ വിവരണം ദൈവത്തിന്റെ വാഗ്ദാനങ്ങളുടെ പൂർത്തീകരണത്തിനായിട്ടുള്ള തുല്യ പങ്കാളിത്തമാണ്. അബ്രഹാമിൽ സാറയ്ക്കുള്ള സ്വാധീനം നിഷേധിക്കാനാവില്ല. പ്രത്യേകിച്ച് അവരുടെ ജീവിതത്തിന്റെ പിന്നീടുള്ള ഘട്ടങ്ങളിൽ അവൾ ഇസഹാക്കിന് ജന്മം നൽകുമ്പോൾ. വ്യക്തിപരമായ സംശയങ്ങളും പോരാട്ടങ്ങളും ഉണ്ടായിരുന്നിട്ടും, അബ്രഹാമുമായുള്ള ദൈവത്തിന്റെ വാഗ്ദാന പൂർത്തീകരണത്തിന് വിശ്വസ്ത പങ്കാളിയായി സാറ വഹിക്കുന്ന പങ്ക് ശ്രദ്ധേയമാണ്.

3. ജാതികൾക്ക് മാതാവ്

വന്ധ്യതയിൽ നിന്ന് മാതൃത്വത്തിലേക്കുള്ള സാറയുടെ നീണ്ട യാത്രയുടെ പരിസമാപ്തിയാണ് ഇസഹാക്കിന്റെ ജനനം. ഈ സംഭവം ദൈവത്തിന്റെ വാഗ്ദാനത്തിന്റെ പൂർത്തീകരണം മാത്രമല്ല, സാറയുടെ വ്യക്തിത്വത്തിന്റെ പരിവർത്തനവുമാണ്. സാറ ഇനി വന്ധ്യതയാൽ നിർവചിക്കപ്പെടില്ല, ഇസഹാക്കിന്റെ ജനനത്തോടെ സാറയുടെ സന്തോഷം സ്പഷ്ടമായി. കാരണം സാറയുടെ ജീവിതത്തിൽ ദൈവത്തിന്റെ വാഗ്ദത്തം നിറവേറ്റപ്പെട്ടു.

ഇസഹാക്കിന്റെ ജനനം ദൈവവുമായുള്ള സാറയുടെ ആഴത്തിലുള്ള

ബന്ധത്തെ അടയാളപ്പെടുത്തുന്നു. ഉല്പത്തി 21:1-2-ൽ, യഹോവ സാറയെ 'സന്ദർശിച്ചു' താൻ വാഗ്ദത്തം ചെയ്തിരുന്നത് യഹോവ സാറയ്ക്ക് നിവൃത്തിച്ചു കൊടുത്തു. ഇസഹാക്കിന്റെ ജനനം ഒരു കുട്ടിയുടെ ശാരീരിക സാക്ഷാത്കാരത്തെ മാത്രമല്ല, ദൈവത്തിന്റെ വാഗ്ദാനത്തിന്റെ ആത്മീയവും ദൈവശാസ്ത്രപരവുമായ പൂർത്തീകരണത്തെ സൂചിപ്പിക്കുന്നു. അവളുടെ അനുഭവം ഇസ്രായേലിനോടുള്ള ദൈവത്തിന്റെ വാഗ്ദാനങ്ങളുടെ വിശാലമായ വിവരണത്തെ പ്രതിഫലിപ്പിക്കുന്നു – കാലതാമസം നേരിട്ടെങ്കിലും, ആത്യന്തികമായി അപ്രതീക്ഷിതവും അത്ഭുതകരവുമായ വഴികളിൽ നിറവേറ്റപ്പെടുമെന്ന് വാഗ്ദാനം ചെയ്യുന്നു.

സാറയുടെ അമ്മ വേഷം വെല്ലുവിളികൾ നിറഞ്ഞതാണ്. പ്രത്യേകിച്ച് ഹാഗാറിന്റെ മകൻ ഇസ്മായേലുമായുള്ള ഇസഹാക്കിന്റെ ബന്ധം നിരീക്ഷിക്കുമ്പോൾ. ഇസഹാക്കും ഇസ്മായേലും തമ്മിലുള്ള പിരിമുറുക്കം അതിന്റെ ഉച്ചസ്ഥായിയിലെത്തുമ്പോൾ ഉല്പത്തി 21-ൽ ഹാഗാറിനെയും ഇസ്മായേലിനെയും പറഞ്ഞയക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട്, അത് മറ്റുള്ളവർക്ക് വേദനയുണ്ടാക്കുന്നതാണെങ്കിലും ദൈവിക പദ്ധതിയിൽ ഇസഹാക്കിന്റെ സ്ഥാനം ഉറപ്പാക്കുന്നു. ഹാഗാറിന്റെയും ഇസ്മായേലിന്റെയും പുറത്താക്കൽ ദൈവഹിതം അടിച്ചേൽപ്പിക്കാനുള്ള മനുഷ്യരുടെ ശ്രമങ്ങളിൽ നിന്ന് ഉയർന്നുവരുന്ന സംഘർഷങ്ങളുടെ നാടകീയമായ ഓർമ്മപ്പെടുത്തലാണ്.

സാറയുടെ ജീവിതകഥ വിശ്വാസം, ക്ഷമ, ദൈവത്തിന്റെ വിശ്വസ്തത എന്നിവയുടെ പ്രമേയങ്ങളെ ചിത്രീകരിക്കുന്നു. പുതിയ നിയമത്തിൽ, സാറ വിശ്വാസത്തിന്റെ മാതൃകയായി അംഗീകരിക്കപ്പെട്ടിരിക്കുന്നു. എബ്രായർ 11:11-ൽ, ആദ്യ സംശയവും അവിശ്വാസവും ഉണ്ടായിരുന്നിട്ടും ദൈവത്തിന്റെ വാഗ്ദാനത്തിലുള്ള വിശ്വാസത്തിന് സാറയെ അഭിനന്ദിക്കുന്നു. 1 പത്രോസ് 3: 5-6-ൽ ദൈവഹിതമുള്ള ഒരു ഭാര്യയുടെ ഉദാഹരണമായി പത്രോസ് അവളെ പ്രശംസിക്കുന്നു, ദൈവഹിതത്തോടുള്ള അവളുടെ കീഴ്പ്പെടലും അവളുടെ ശാന്തമായ ശക്തിയും എടുത്തുകാണിക്കുന്നു.

പല തരത്തിൽ, സാറയുടെ ജീവിതം മനുഷ്യന്റെ ബലഹീനതയും ദൈവിക ശക്തിയും തമ്മിലുള്ള സംഘർഷം വെളിപ്പെടുത്തുന്നു. അവളുടെ കഥ കളങ്കമില്ലാത്ത വിശ്വാസത്തിന്റെ ഒന്നല്ല, മറിച്ച് വളർച്ചയുടെയും പോരാട്ടത്തിന്റെയും ദൈവത്തിലുള്ള ആത്യന്തിക വിശ്വാസത്തിന്റെയും പ്രതീകമാണ്. അതുപോലെ, സാറ മാനുഷിക ദുർബലതയുടെയും ദൈവിക വീണ്ടെടുപ്പിന്റെയും ശക്തമായ വ്യക്തിത്വമായി നിലകൊള്ളുന്നു, അവളുടെ ജീവിതം വിശ്വാസികളെ അവരുടെ സ്വന്തം വിശ്വാസ യാത്രകളെക്കുറിച്ച് ചിന്തിക്കുവാൻ പ്രേരിപ്പിക്കുന്നു.

സാറയുടെ കഥാപാത്രം സങ്കീർണ്ണവും ബഹുമുഖവുമാണ്, വിശ്വാസത്തിന്റെയും സംശയത്തിന്റെയും വളർച്ചയുടെയും സമ്പന്നമായ വിവരണം വാഗ്ദാനം ചെയ്യുന്നു. അവളുടെ ജീവിതം ദൈവത്തിന്റെ വാഗ്ദാനങ്ങളുടെ സ്വഭാവത്തെക്കുറിച്ചും ദൈവിക സമയത്തിനായി കാത്തിരിക്കുന്നതിന്റെ വെല്ലുവിളികളെക്കുറിച്ചും ദൈവഹിതത്തിന് കീഴടങ്ങേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ചും ആഴത്തിലുള്ള ഉൾക്കാഴ്ചകൾ നൽകുന്നു. പ്രാരംഭ സംശയവും ദൈവത്തിന്റെ വാഗ്ദാനങ്ങളിൽ പൂർണ്ണമായി വിശ്വസിക്കുന്നതിൽ പരാജയപ്പെടുകയും ചെയ്തിട്ടും, മനുഷ്യരാശിക്കുവേണ്ടിയുള്ള ദൈവത്തിന്റെ പദ്ധതിയുടെ പൂർത്തീകരണത്തിൽ ഒരു പ്രധാന വ്യക്തിയായി മാറുന്ന ഒരു സ്ത്രീയെയാണ് സാറയിലൂടെ നാം കാണുന്നത്. സംശയം നിറഞ്ഞ ഒരു വന്ധ്യയായ സ്ത്രീയിൽ നിന്ന് സന്തോഷവതിയായ അമ്മയായും ജാതികൾക്കു മാതാവായും അവളുടെ പരിവർത്തനം ദൈവത്തിന്റെ വിശ്വസ്തതയുടെ ശക്തിയും അവന്റെ ജനത്തിന്റെ ആഴമേറിയതും പരിവർത്തനാത്മകവുമായ വിശ്വാസജീവിതത്തിന്റെ ഒരു തെളിവായും വർത്തിക്കുന്നു.



അപൂർവ്വ നേട്ടം


സെറാമ്പൂർ യൂണിവേഴ്സിറ്റിയുടെ 2024 നവംബർ 22-നു നാഗാലാൻഡിൽ വച്ച് നടന്ന കോൺവോക്കേഷനിൽ നാഗ്പൂർ സെമിനാരി വിദ്യാർത്ഥിനി സിസ്റ്റർ വന്ദന മേരി ആദരിക്കപ്പെട്ടു.

നാഗ്പൂർ സെമിനാരി 2020-2024 ബാച്ച് വിദ്യാർത്ഥിനി ആയിരുന്ന സിസ്റ്റർ മലങ്കരസഭയുടെ രണ്ട് സെമിനാരികളുടെയും ചരിത്രത്തിലെ ഏറ്റവും ഉയർന്ന മാർക്ക് വാങ്ങിയ സ്റ്റുഡന്റ് എന്ന നേട്ടമാണ് കൈവരിച്ചത്.

സെറാമ്പൂർ യൂണിവേഴ്സിറ്റിയുടെ ചരിത്രത്തിൽ ആദ്യമായാണ് ഒരു സ്റ്റുഡന്റ് അഞ്ച് സെനറ്റ് പ്രൈസുകൾക്ക് അർഹയാകുന്നത് എന്നതും അപൂർവതയാണ്. അതോടൊപ്പം മലങ്കര സഭയുടെ രണ്ട് സെമിനാരികളുടെയും ചരിത്രത്തിൽ ആദ്യമായാണ് ഒരു വിദ്യാർത്ഥി ഡിസ്റ്റിങ്ഷനോടെ പാസാകുന്നത് എന്ന അത്യപൂർവ നേട്ടവും സിസ്റ്റർ കൈവരിച്ചിരിക്കുന്നു. മുംബൈ റോഹ സെന്റ് ഗ്രിഗോറിയോസ് കമ്മ്യൂണിറ്റി അംഗമാണ്.

താഴെ പറയുന്ന അവാർഡുകൾ കോൺവൊക്കേഷനിൽ സിസ്റ്റർ ഏറ്റുവാങ്ങി.

1. Overall 1st Rank in Senate of Serampore (2020-2024 B.D. Batch) [Rev. C.C. Pande Memorial Prize in B.D. for overall highest Grade].
2. C. E. Abraham Prize in Church History (B.D).
3. E. C. Dewik Prize in Religion (B.D.).
4. Rt. Rev. S. R. Furtado Prize in B.D. for Highest Grade in Christian Ministry.
5. Late Dr. C. Devasahayam Prize in Christian Ministry (B.D.).



Family Prayer Book (compiled in Malayalam, English, Manglish, and Hindi) was released by Dr. Geevarghese Mar Theophilos, who handed over the first copy to Fr. C. S. Mathew on Sunday, 24th November 2024 at St. Mary's Orthodox Cathedral. This book is exclusively for Private circulation. Each family in the Diocese of Ahmedabad will receive this treasured book as a gift, fostering a spirit of prayer and togetherness.

◆ സമാധാനത്തിന്റെ മനുഷ്യർ ചുരുക്കവും കലഹത്തിന്റെ പുത്രന്മാർ വളരേയും ആകുന്നു. അത് ഒടുക്കകാലമാകകൊണ്ടായിരിക്കാം.

◆ നാം ചെയ്യുന്നതു ദൈവത്തെക്കുറിച്ചു എന്നിരുന്നാൽ മതി. അപ്പോൾ നമുക്കു തന്നിൽനിന്നു പ്രതിപകരം കിട്ടും.

– പ. പരുമല തിരുമേനി

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

വചനതീർത്ഥം



എലിസബേത്തിന്റെ അടുക്കലേക്കുള്ള മറിയാമിന്റെ യാത്രയുടെ ഞായർ

(വി. ലൂക്കോസ് 1: 39–56)

ഫാ. മോൻസി ഫിലിപ്പ്

ഏലിസബേത്തിന്റെ അടുക്കലേക്കുള്ള മറിയാമിന്റെ യാത്രയുടെ ഞായർ. ഗബ്രിയേൽ മാലാഖയുടെ അടുക്കൽ നിന്നും ദൂത് ലഭിച്ച കന്യകമറിയം, തന്റെ ചാർച്ചക്കാരിയായ ഏലിസബേത്തിന് വാർദ്ധക്യത്തിൽ ആറാം മാസം എന്നറിഞ്ഞത് അന്വേഷിക്കുവാനും തനിക്ക് ലഭിച്ച ദൈവദൂത് അറിയിക്കുവാനുമായി നടത്തുന്ന യാത്ര. ഇന്നത്തെ വേദഭാഗം വി. ലൂക്കോസ് 1: 39–56 പ്രതിപാദിക്കുന്നത്. ഉദയനക്ഷത്രത്തെ ഉദരത്തിൽ വഹിച്ച ഏലിസബേത്തും, നീതിയിൻ സൂര്യനെ ഉദരത്തിൽ വഹിച്ച കന്യകമറിയാമും തമ്മിലുള്ള സംഗമം. മറിയാമിനെ ദൈവമാതാവ് എന്ന സംബോധന ചെയ്തുള്ള ഏലിസബേത്തിന്റെ പ്രഖ്യാപനവും തുടർന്ന് മറിയാമിന്റെ പാട്ടുമാണ് ഇതിവൃത്തം.

യാത്രകൾ സന്തോഷം നൽകുന്നു. എന്നാൽ മറിയാമിന്റെ യാത്ര പ്രയാസം നിറഞ്ഞതായിരുന്നു എങ്കിലും ഇതിന് ഇരട്ടി മധുരാനുഭവമാണ്. മറിയാമിന് ഈ യാത്രയ്ക്ക് പ്രധാനമായും രണ്ട് സന്തോഷ കാരണങ്ങൾ ഉണ്ട്.

1. വന്ധ്യ എന്നു കരുതപ്പെട്ട ചാർച്ചക്കാരി ഏലിസബേത്തിന് ഇത് ആറാം മാസം എന്ന് കേട്ടിതിൽ ഉള്ള അത്യധികമായ സന്തോഷം. കാരണം മറിയം ഇത് ആഗ്രഹിച്ചിരുന്നു.

2. തനിക്ക് ലഭിച്ച ദൈവീകദൂത് ഏലിസബേത്തിനെ നേരിൽ കണ്ട് അറിയിക്കുന്നതിലുള്ള സന്തോഷം. ദൈവത്തിന്റെ അനുഗ്രഹം നേരിൽ അറിഞ്ഞവർക്ക് മാത്രമേ ഇത് ഉൾക്കൊള്ളുവാൻ സാധിക്കുകയുള്ളു.

വേദഭാഗ ചിന്തകൾ:

യഹൂദ്യാ പർവ്വതത്തിന് ആനന്ദം.

വി. ലൂക്കോസ് 1:39


“മറിയം എഴുന്നേറ്റു മലനാട്ടിൽ ഒരു യഹൂദ്യാ പട്ടണത്തിൽ ബദ്ധപ്പെട്ടു ചെന്നു.”

ഒരു യഹൂദ്യാ പട്ടണം എന്ന് പറയപ്പെടുന്നത് യഹൂദയിലെ നഗരമായ ഹെബ്രോൻ ആകുന്നു. നസ്രത്തിൽ നിന്ന് 172 കിലോമീറ്റർ ദൂരം ആണ് ഹെബ്രോനിലേക്ക്. താഴ്‌വാരത്തു നിന്ന് മലനാടായ ഹെബ്രോനിലേക്കുള്ള മറിയാമിന്റെ യാത്രയിൽ പ്രതിസന്ധികൾ ഉണ്ടെങ്കിലും മറിയാമിന് ഇത് ആനന്ദം നിറഞ്ഞതാണ്. പ്രകൃതിയുടെ മനോഹാരിതയെക്കാൾ ദൈവദൂതിന്റെ മനോഹരശബ്ദം പേറി അത് ചാർച്ചക്കാരി ഏലിസബേത്തിനെ അറിയിക്കുവാനുള്ള ആകാംക്ഷനിറഞ്ഞ യാത്ര.

“പെട്ടെന്ന് എന്നുള്ള ആഗ്രഹം ദൂരം ദീർഘമായിരിക്കാം.” എന്നാലും ഈ യാത്ര യഹൂദദേശത്തിനു ആനന്ദമാണ്.

സന്ധ്യയിലെ സെദറായിൽ കാണുന്നു “സാധാരണനെപ്പോലെ നിന്റെ ദാസന്റെ ഗൃഹത്തിലേക്ക് നീ പ്രവേശിച്ചു. നിന്റെ ദർശനത്താൽ വന്ധ്യരെ സന്തോഷിപ്പിച്ചു. യൂദു പർവ്വതത്തെ നീ ആനന്ദം കൊണ്ടു നിറച്ചു. പുരോഹിതരുടെ ഗൃഹം ആഹ്ലാദിച്ചു.” വീണ്ടും രാത്രിയുടെ രണ്ടാം കൗമായിലെ സെദറയിൽ “എന്റെ കർത്താവും മാതാവുമൊരുമിച്ച് എന്റെ അടുക്കൽ വരുവാനും ധനവാന്റെ പുത്രൻ ദരിദ്രപുത്രന്റെ ഭവനം സന്ദർശിപ്പാനുള്ള ഭാഗ്യം എനിക്കു എങ്ങനെ സിദ്ധിച്ചു.”

“സീയോൻ പർവ്വതം സന്തോഷിക്കും. യൂദാപുത്രിമാർ ഉല്ലസിക്കും” എന്ന



ദാവീദിന്റെ പ്രവചനം നിറവേറി. വന്ധ്യയുടെ ഗർഭം, സഖറിയായുടെ പ്രതീക്ഷ അർത്ഥവത്തായതുകൊണ്ടുള്ള സന്തോഷം, ഇതൊക്കെ യഹൂദ്യാ പർവ്വതത്തിൽ സന്തോഷത്തിന്റെ അലകൾ ഉയർത്തി.

ആത്മീയർ ദേശത്തിൽ വെളിച്ചം സന്തോഷം പകരുന്നു എന്ന അവബോധം അനുഭവവേദ്യം.

ഏലിസബേത്തിന്റെയും മറിയാമിന്റെയും സമാഗമനം (വി. ലൂക്കോസ് 1:41–45)

കൃപനിറഞ്ഞ രണ്ട് വനിതകളായിരുന്നു ഏലിസബേത്തും മറിയാമും. മറിയത്തിന്റെ വന്ദനം വന്ധ്യമായിരുന്ന ഗർഭത്തിൽ മൗനിയായ പ്രജ പരിശുദ്ധാത്മ നിശ്വസിതനായി സ്തുതിയാർത്തു. ഏലിസബെത്ത് പരിശുദ്ധാത്മാവ് നിറഞ്ഞു പ്രവചിച്ചു.

1. സ്ത്രീകളിൽ നീ അനുഗ്രഹിക്കപ്പെട്ടവൾ (1:42)

അത്യുന്നതന്റെ ശക്തി നിന്നിൽ ആവസിച്ചിരിക്കുന്നതിനാലും സ്വർഗ്ഗീയ നിന്നിൽ വസിച്ചതിനാലും.

2. നിന്റെ ഗർഭഫലം അനുഗ്രഹിക്കപ്പെട്ടത് (1:42)

നീ മൂലം പിതാവായ ആദാമിന്റെ കുറ്റങ്ങൾ പരിഹരിക്കപ്പെട്ടതിനാലും, നീതിമാനും രക്ഷകനുമായവൻ നിന്നിൽ നിന്ന് ഉദിച്ചതുകൊണ്ടും.

ഇവരുടെ സമാഗമനത്തിന്റെ പ്രത്യേകതകൾ

1. സാഹോദര്യബന്ധത്തിന്റെ സൗന്ദര്യം കാട്ടിതരുന്നു

ഏലിസബേത്ത് മറിയാം കൂട്ടായ്മ, നഷ്ടപ്പെട്ടുപോകുന്ന സാഹോദര്യബന്ധങ്ങളുടെ മദ്ധ്യേ നല്ല മാതൃകയാകുന്നു. ഇന്ന് സഹോദരങ്ങൾ പരസ്പരം അറിയാതെ പോകുന്നു. കൂടിവരുവുകൾ കുറയുന്നു. ആധുനിക കാലഘട്ടത്തിൽ ബന്ധങ്ങൾ ബന്ധനങ്ങളായി മാറുന്നു. ഭാഷ നഷ്ടപ്പെട്ടപ്പോൾ ബന്ധങ്ങൾ ഇല്ലാതെയായി. വീടിനുള്ളിൽ പോലും ബന്ധങ്ങളിൽ പല മതിലുകൾ കാണാം. തൊട്ടടുത്തു നിൽക്കുമ്പോഴും കൈ തൊടാത്ത ഒരവസ്ഥ. അവിടെയാണ് ഈ അമ്മമാരുടെ കൂടിവരവിന്റെ സൗന്ദര്യം.

“ഇതാ, സഹോദരന്മാർ ഒത്തൊരുമിച്ചു വസിക്കുന്നത് എത്ര ശുഭവും എത്ര മനോഹരവും ആകുന്നു.” (സങ്കീ. 133:1).



2. ദൈവം ചെയ്ത നന്മകളിൽ സന്തോഷം അനുഭവവേദ്യമാകുന്നു

ദൈനംദിന ജീവിതത്തിൽ ലഭിക്കുന്ന അനുഗ്രഹങ്ങളിൽ, സന്തോഷിക്കുകയും അതോടൊപ്പം ദൈവനടത്തിപ്പിനെ മറ്റുള്ളവരെ അറിയിക്കുകയും ചെയ്യുക എന്ന സന്ദേശം. സ്വയത്തിൽ മാത്രം ജീവിക്കുമ്പോൾ ഇത് ഒരു കൺതുറക്കൽ ആണ്.

“സന്തോഷം പങ്കുവയ്ക്കുമ്പോൾ ഇരട്ടിക്കുകയും ദുഃഖം പങ്കുവയ്ക്കുമ്പോൾ അത് ലഘൂകരിക്കപ്പെടുകയും ചെയ്യുന്നു.”

ഈ അമ്മമാർ ദൈവത്തിന്റെ പ്രവൃത്തികളിൽ പരസ്പരം പങ്കുവയ്ക്കലിന്റെ അനുഭവത്തിൽ സന്തോഷം അനുഗ്രഹമായി കണ്ടു.

“ആശയിൽ സന്തോഷിപ്പിൻ, കഷ്ടതയിൽ സഹിഷ്ണത കാണിപ്പിൻ, പ്രാർത്ഥനയിൽ ഉറ്റിരിപ്പിൻ, വിശുദ്ധന്മാരുടെ ആവശ്യങ്ങളിൽ കൂട്ടായ്മ കാണിക്കുകയും അതിഥിസൽക്കാരം ആചരിക്കുകയും ചെയ്വിൻ” (റോമ. 12:13)

3. ആദരവ് ഉണർത്തുന്നു

ആദരവ് ലഭിക്കുവാൻ വേണ്ടി പലതും ചെയ്തും, കാട്ടിക്കൂട്ടിയും നടക്കുമ്പോൾ. താഴ്മകൊണ്ടും, വിനയംകൊണ്ടും, സ്നേഹംകൊണ്ടും, സമർപ്പണംകൊണ്ടും ആദരവ് ലഭിച്ചവൾ വി. മറിയാം. ഏലിസബത്ത് കണ്ടുമുട്ടുമ്പോൾ തന്നെ ആത്മനിറവിൽ പ്രവചിച്ചു “കർത്താവിന്റെ അമ്മ.” അഥവാ “ദൈവത്തിന്റെ അമ്മ”. ഈ സംബോധന സഭയുടെ ആരംഭകാലം മുതൽ നിന്നിരുന്നു. വിശ്വാസപ്രമാണത്തിൽ ചൊല്ലുന്നു, “ദൈവമാതാവായ വിശുദ്ധ കന്യക മറിയാമിൽ നിന്ന്....” നാസിയാൻസിലെ മാർ ഗ്രീഗോറിയോസ് പറഞ്ഞു. “വി. മറിയം ദൈവമാതാവെന്ന് ഒരുവൻ ഏറ്റുപറഞ്ഞില്ലെങ്കിൽ കർത്താവിന്റെ ദൈവത്വത്തെയാണ് ഹനിക്കുന്നത്” എന്ന്. അപ്രതീക്ഷിതമായി ലഭിക്കുന്ന ആദരവ് നിലനിൽക്കുന്നു. മറിയം അപ്രതീക്ഷിതമായി ലഭിച്ചു. ഇത് ഒരു പാഠമാണ്.

“മറ്റുള്ളവരെ തന്നെക്കാൾ ശ്രേഷ്ഠർ എന്നു എണ്ണിക്കൊള്ളുവിൻ” (ഫിലി. 2:3). നമ്മെ കാണുന്നവർ ദൈവത്തെ ദർശിക്കാൻ ഇടയാകട്ടെ.

വി. മറിയത്തിന്റെ പാട്ട്

മറിയാമിന്റെ പാട്ട് ലത്തീൻ ഭാഷയിൽ “മാഗ്നിഫിക്കേറ്റ്” എന്നും സുറിയാനിയിൽ “മാവുർബോ” എന്നും അറിയപ്പെടുന്നു. പഴയനിയമത്തിലെ ഹന്നായുടെ പാട്ടിനോട് സാമ്യം. (1 ശമു. 2:1–10). മറിയാമിന്റെ പാട്ടിൽ തന്നിൽ നിന്നു ജനിക്കുന്നവൻ സ്ഥാപിക്കുന്ന രാജ്യത്തിന്റെ സവിശേഷമായ മാറ്റങ്ങൾ പരിശുദ്ധാത്മാവിൽ പറയുന്നു.

1. ഹൃദയത്തിൽ അഹങ്കരിക്കുന്നവർ ചിതറും.
2. പ്രഭുക്കന്മാരെ സിംഹാസനത്തിൽ നിന്നും ഇറക്കും.
3. താണവരെ ഉയർത്തും.
4. വിശിന്നിരിക്കുന്നവർക്ക് നന്മകളാൽ നിറയും.
5. സമ്പന്നർ വെറുതെ അയയ്ക്കപ്പെടും.

ശുശ്രൂഷവതിയായ മാതാവ്

അനുകരണിയമായ ശുശ്രൂഷ മനോഭാവം. ആവശ്യപ്പെടാതെ മറ്റുള്ളവരുടെ ആവശ്യം അറിഞ്ഞുള്ള ശുശ്രൂഷ. എത്ര ഔന്നത്യത്തിന്റേതായ അവസ്ഥയിൽ ആയാലും എളിമയോടെ മറ്റുള്ളവരുടെ വേദനയിലും പ്രയാസങ്ങളിലും പങ്കാളിയാകാൻ അമ്മ ആഹ്വാനം ചെയ്യുന്നു.

ഇത്രമാത്രം ഓടിനടന്നു വേല ചെയ്യണോ? എന്ന ചോദ്യത്തിനു മുന്നിൽ വിശുദ്ധ ഫ്രാൻസിസ് സേവ്യർ നൽകിയ മറുപടി

“തുരുമ്പെടുത്തു തീരുന്നതിലും നല്ലത് തേഞ്ഞു തീരുന്നതല്ലേ.”

ജീവിതത്തിൽ രണ്ട് ചോയ്സ്

1. സ്വാർത്ഥത്തിന്റെ സ്വസ്ഥതയിൽ ജീർണ്ണിച്ചില്ലാതാകാം.
2. നിസ്വാർത്ഥത്തിന്റെ അസ്വസ്ഥതയിൽ തേഞ്ഞില്ലാതാകാം.

എല്ലാം ക്രിസ്തുവിനായി, ക്രിസ്തുവിനുവേണ്ടി, ജീവനും, ജീവിതവും.

❑

Church Calendar

ST. MARY'S VISIT TO ELIZABETH

(St. Luke 1:39-56)

A Song of Joy and Fulfilment



Dn. Aaron Joshua John

This meeting is not just an exchange between two women; it is a profound encounter where joy, prophecy, and divine purpose intertwine. Mary, carrying the Son of God within her, journeys to the hill country to visit Elizabeth, who is herself miraculously with child. Upon hearing Mary's greeting, Elizabeth's child, John the Baptist, leaps in her womb, and Elizabeth, filled with the Holy Spirit, proclaims Mary as "the mother of my Lord" (Luke 1:43). This encounter between Mary and Elizabeth resonates with echoes from the Scriptures, connecting their story with the long tradition of faithful women in the history of salvation. Their meeting embodies the fulfilment of divine promises and reflects the roles of women in God's plan of redemption, as seen throughout the Old and New Testaments.

1. Women of Faith in God's Redemptive Plan

The meeting between Mary and Elizabeth is rich with Old Testament imagery and themes, emphasizing the role of women as instruments of God's will. In Genesis 1:24-31, we see the creation of humanity, both male and female, in the image of God. From the very beginning, women have held a unique place in God's creative and redemptive work. Throughout Scripture, God has often chosen women to carry out His purposes, to act with courage and wisdom, and to become vessels of His promises. Consider the story of Rebekah in Genesis 24:15-38, whose discernment and obedience played a crucial role in the continuation of the Abrahamic covenant through her marriage to Isaac. Similarly, in Judges 4:4-16, we see Deborah, a prophetess and judge of Israel, leading her people to victory with a faith that empowered others. These women of faith set the stage for Mary and Elizabeth's roles in the New Testament, where they recognize and respond to the presence of God's promise with humility and courage. Mary's journey to Elizabeth also mirrors the story of Esther in Esther 4:1-17. Esther's willingness to act in faith saved her people from destruction, demonstrating the power of a woman's faithfulness to God's calling. Mary's faith, as the new Esther, brings the ultimate deliverance through her obedience, bearing Christ, who will save all humanity. St. Mary's humble acceptance of God's will and Elizabeth's recognition of the divine work in her cousin reflect the wisdom and devotion praised in Proverbs 31:10-31, which speaks of the virtues of a godly woman who fears the Lord.

As Orthodox Christians, we honour the Theotokos not merely for her role in giving birth to Christ, but for her unwavering faith and her willingness to embrace the unknown. In their greeting, we see a moment that transcends time, where the joy of the Incarnation breaks through. Elizabeth's prophetic words remind us of the call to recognize God's work in our lives and in others, to honour the sacredness of those moments when the divine breaks into our everyday existence. This call is reflected in the New Testament's vision of a life of devotion and purity, as described in I Peter 3:1-7 and I Timothy 2:9-15. These passages emphasize the dignity and spiritual strength of women who live faithfully according to God's will.

2. The Magnificat: A Song of Reversal and Hope

After Elizabeth's greeting, Mary responds with her song, known as the Magnificat (Luke 1:46-55), a hymn of praise that echoes the songs of Old Testament heroines such as Hannah in 1 Samuel 2. Mary's song is not just a personal expression of gratitude; it is a proclamation of God's mighty deeds and His revolutionary love that uplifts the humble and brings down the proud. "He has scattered the proud in the thoughts of their hearts; He has brought down the mighty from their thrones and exalted those of humble estate" (Luke 1:51-52). The Magnificat connects with the theme of divine reversal seen throughout Scripture, where God overturns worldly expectations to fulfil His promises. In II Kings 5:1-5, we read of Naaman's healing by Elisha, a reminder that God's power works through the humble and unexpected. In the same way, the Incarnation comes not through a royal palace but through a humble virgin in a small town. Mary's song magnifies this reality, celebrating a God who sides with the poor and lifts up the lowly, a theme that speaks powerfully to the core of the Christian message. The Magnificat also connects with the eschatological hope found in Zechariah 8:3, "Thus says the Lord: I have returned to Zion and will dwell in the midst of Jerusalem." Mary's proclamation is a testament to the new reality that Christ's coming brings, a reality where God's mercy extends from generation to generation. This same theme is echoed in Galatians 4:4-7, where St. Paul writes, "But when the fullness of time had come, God sent forth His Son, born of a woman, born under the law, to redeem those who were under the law, so that we might receive adoption as sons." Mary's visitation and the joy that she and Elizabeth share reflect the beginning of this new era, where the barriers between heaven and earth are broken down.

In this way, the Magnificat is not merely Mary's song, but the Church's song, a declaration of the hope that we hold as we await the full realization of God's kingdom. It calls us to recognize God's presence among us, to see His work in the unexpected, and to live with a faith that, like Mary's, rejoices in the coming of the Saviour. St. Ambrose of Milan reflects on this, saying, "Let Mary's soul be in each of you to glorify the Lord, let her spirit be in each of you to rejoice in God." Her hymn invites us to make her joy our own, as we live out the reality of Christ's coming in our daily lives.

St. Mary's visit to Elizabeth is a story of faith, joy, and divine purpose. It teaches us that God's plans often unfold in unexpected ways and through unexpected people, reminding us that He delights in lifting up the lowly and blessing those who trust in Him. Mary and Elizabeth's meeting is a testament to the power of women's faith in God's redemptive history, and their joy is a foretaste of the joy that the Incarnation brings to the world. ❑



സഭയുടെ ഐക്യവും സമാധാനവും നിലനിർത്തുവാൻ യുവജനങ്ങൾ മുന്നിട്ടിറങ്ങണം: പ. കാതോലിക്കാ ബാവ

പുത്തൻകുരിശ്: ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനത്തിന്റെ വടക്കൻ മേഖല സമ്മേളനവും യുവജന റാലിയും പുത്തൻകുരിശ് സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ് ഓർത്തഡോക്സ് സുറിയാനി പള്ളിയിൽ നടത്തപ്പെട്ടു. മലങ്കരസഭ എന്നും ഐക്യത്തിനും സമാധാനത്തിനും വേണ്ടി നിലകൊണ്ടിട്ടുള്ള സഭയാണ്. മലങ്കര സഭക്കെതിരെ വരുന്ന പ്രതിസന്ധികളെ അതിജീവിക്കാനുള്ള കരുത്തും ബോധ്യവും സഭയ്ക്ക് ഉണ്ടെന്ന് പ. കാതോലിക്കാ ബാവ വ്യക്തമാക്കി. സഭയുടെ ഐക്യവും സമാധാനവും നിലനിർത്തുവാൻ യുവജനങ്ങൾ മുന്നിട്ടിറങ്ങണം എന്ന് അദ്ദേഹം ആഹ്വാനം ചെയ്തു.

ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനം പ്രസിഡന്റ് ഡോ. ഗിവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്ത അധ്യക്ഷത വഹിച്ചു. ഫാ. ജോസ് തോമസ് പൂത്തുങ്കൽ മുഖ്യപ്രഭാഷണം നടത്തി. ചടങ്ങിൽ മത്തായി ഇടയനാൽ കോർപ്പിസ്കോപ്പയെ വടക്കൻ മേഖല യുവജനപ്രസ്ഥാനം ആദരിച്ചു. സഭാ വർക്കിംഗ് കമ്മിറ്റി അംഗം ഫാ. ജേക്കബ് കുര്യൻ യുവജന സന്ദേശം നൽകി. യുവജനപ്രസ്ഥാനം ജനറൽ സെക്രട്ടറി ഫാ. വിജു ഏലിയാസ്, ഫാദർ ജിത്തു മാത്യു ഐക്കരക്കുന്നത്ത്, തോമസ് പോൾ റമ്പാൻ, ഫാ. പോൾ ജോൺ കോനാട്ട്, ഗ്ലാഡ്സൺ കെ. ചാക്കോ കുഴിവേലിൽ, ചെറിയാൻ വർഗീസ്, പേൾ കണ്ണേത്ത്, നിഖിൽ കെ ജോയ്, എൽദോ ബേബി, എൽസൺ ജോണി, എഡ്വിൻ മാത്യു, ജോർജ് കെ ബാജി എന്നിവർ പ്രസംഗിച്ചു.



അയർലണ്ടിലെ ടിപ്പറേറി ദേവാലയം കൂദാശ ചെയ്തു. വിശുദ്ധ കുറിയാക്കോസ് സഹദായുടെയും മാതാവ് വിശുദ്ധ യൂലിത്തിയുടെയും നാമത്തിൽ സ്ഥാപിതമായിരിക്കുന്ന അയർലണ്ടിലെ ആദ്യ ദേവാലയമാണിത്. കൂദാശയ്ക്ക് ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ, ഏബ്രഹാം മാർ സ്തേഫാനോസ് മെത്രാപ്പോലീത്താ എന്നിവർ മുഖ്യകാർമികത്വം വഹിച്ചു.



ഫാ. ഡോ. കെ. എൽ. മാത്യു വൈദ്യൻ രചിച്ച ഓർത്തഡോക്സ് വേ എന്ന ഗ്രന്ഥം പരിശുദ്ധ കാതോലിക്ക ബാവാ പ്രകാശനം ചെയ്തു. സഖറിയാ മാർ സേവേറിയോസ് ആദ്യ പ്രതി ഏറ്റുവാങ്ങി.



മലങ്കരസഭയുടെ ചരിത്രം നൂറിലധികം ഗ്രന്ഥങ്ങളിലൂടെ എഴുതിയ പ്രമുഖ സഭാചരിത്രകാരൻ കെ. വി. മാമ്മന് മലങ്കരസഭയുടെ ഔദ്യോഗിക പ്രസിദ്ധീകരണ വിഭാഗമായ എം.ഒ.സി. പബ്ലിക്കേഷൻസ് ഏർപ്പെടുത്തിയ പ്രഥമ ഓർത്തഡോക്സ് ചർച്ച് റൈറ്റേഴ്സ് എക്സലൻസ് അവാർഡ് എം.ഒ.സി. പബ്ലിക്കേഷൻസ് അധ്യക്ഷൻ ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്ത സോഫിയ സെന്ററിൽ നടന്ന സാഹിത്യ ശിൽപ്പശാലയിൽ വച്ച് സമ്മാനിച്ചു. സഭാചരിത്ര സാഹിത്യ മേഖലകളിൽ വഹിച്ച അമൂല്യമായ സംഭാവനകളെ വിലയിരുത്തിയാണ് അവാർഡ് സമ്മാനിച്ചത്. ഫാ ജോസഫ് കുര്യാക്കോസ് പാമ്പാടിക്കണ്ടത്തിൽ, ഡോ. പോൾ മണലിൽ, പ്രൊഫ. എം. തോമസ് മാത്യു, ഡോ. കുര്യാസ് കുമ്പളക്കുഴി, പ്രൊഫ. ജേക്കബ് മണ്ണുംമൂട്, ജോർജ് തഴക്കര തുടങ്ങിയവർ സന്നിഹിതരായിരുന്നു.

